2008, ഖുത്വ്ബ നമ്പര്‍- 3

18.1.2008
ബയ്ത്തുല്‍ ഫുത്വൂഹ്, ലണ്ടന്‍

# നീതിനിര്‍വ്വഹണത്തില്‍ നബി(സ) തിരുമേനിയുടെ മാതൃക

رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِّنْهُمْ يَتْلُوا عَلَيْهِمْ آيَاتِكَ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَيُزَكِّيهِمْ ۚ إِنَّكَ أَنتَ الْعَزِيزُ الْحَكِيمُ ﴿١٣٠﴾

**ക**ഴിഞ്ഞ ഖുത്വ്ബകളില്‍ പ്രതിപാദിച്ചുവരുന്ന വിഷയം തന്നെയാണ് ഞാനോതിയ വചനത്തിലുള്ളത്. ഇബ്റാഹീം(അ) അല്ലാഹുവിനോട് ചോദിച്ച മൂന്നാമത്തെ കാര്യം ഹിക്മത്ത് ആയിരുന്നു. അതായത്, നീ നിന്റെ ഗ്രന്ഥമിറക്കിക്കൊടുക്കാന്‍ പോകുന്ന ആ ദൈവദൂതന്‍ ജനങ്ങളെ ഹിക്മത്തും പഠിപ്പിക്കേണ്ടതാണ്. ഹിക്മത്തിന് വിവിധ അര്‍ത്ഥങ്ങളുണ്ട്. അത് കഴിഞ്ഞ ഖുത്വ്ബകളില്‍ വിവരിച്ചുകഴിഞ്ഞതാണ്.

നീതി, ന്യായം, അറിവ്, ബുദ്ധി, ബുദ്ധിസാമര്‍ത്ഥ്യം, ഏതെങ്കിലും കാര്യം ശരിയായനിലയില്‍ പ്രയോഗിക്കുകയും അനുയോജ്യമായ നിലയില്‍ പ്രവര്‍ത്തിപ്പിക്കുകയും ചെയ്യുക എന്നൊക്കെ ഹിക്മത്തിന് അര്‍ത്ഥങ്ങളുണ്ട്. ഈ മഹാനായ റസൂല്‍(സ)നേയും ഖിയാമത്തുന്നാള്‍വരെ നിലനില്ക്കുന്ന ആ മഹാത്മാവിന് നല്കപ്പെട്ട ഗ്രന്ഥത്തേയും കുറിച്ച് ഞാനിന്ന് പറയുന്നതാണ്. ഞാന്‍ പറഞ്ഞു, ഹിക്മത്തിന് നീതിയും ന്യായവും എന്നും അര്‍ത്ഥമുണ്ട്. വരാന്‍പോകുന്ന ദൈവദൂതന്‍ ഹിക്മത്തും പഠിപ്പിക്കുന്ന ആളായിരിക്കണമെന്ന് ഞാനോതിയ വചനത്തില്‍ ഇബ്റാഹീം(അ) പ്രാര്‍ത്ഥിച്ചിരുന്നതായി കാണാം. ഇതിന്റെ അടിസ്ഥാനത്തില്‍ ഈ പദത്തിന്റെ അര്‍ത്ഥം, വരാന്‍പോകുന്ന ദൈവദൂതന്‍ നീതി സ്ഥാപിക്കണമെന്നുമാണ്. നീതി പഠിപ്പിക്കുന്ന ആളായിരിക്കണം. ***യുഅല്ലിമുഹുമുല്‍കിതാബ വല്‍ഹിക്മത്ത***, അദ്ദേഹം ഗ്രന്ഥവും ഹിക്മത്തും നിങ്ങളെ പഠിപ്പിക്കുന്നു എന്ന് പറഞ്ഞതില്‍, ഈ പ്രാര്‍ത്ഥന സ്വീകരിച്ചതിന്റെ ഫലമായി ആ റസൂല്‍ നിയോഗിതനായെന്നും അദ്ദേഹത്തിന് ഗ്രന്ഥം ഇറങ്ങിയെന്നും അത് യുക്തിനിര്‍ഭരമായ അധ്യാപനങ്ങളാല്‍ നിറഞ്ഞതാണെന്നുമുള്ള വിളംബരമാണുള്ളത്. ഈ റസൂല്‍ നിങ്ങളെ ഈ ഗ്രന്ഥത്തിന്റെ ഹിക്മത്ത് പഠിപ്പിക്കുകയും ഖിയാമത്തുന്നാള്‍വരെ പഠിപ്പിച്ചുകൊണ്ടേയിരിക്കുകയും ചെയ്യും. അതായത്, നീതി പഠിപ്പിക്കുന്ന ഈ ഗ്രന്ഥം ഖിയാമത്തുന്നാള്‍വരെ നീതിയുടെ അധ്യാപനത്തിനുള്ള മുദ്രയാണ്. നിയോഗിതനായ ഈ നബിയുടെ അധ്യാപനവും പ്രവൃത്തിയും നീതിരഹിതമല്ലെന്നു മാത്രമല്ല അദ്ദേഹത്തിന്റെ ജീവിതമാതൃകയും ആര്‍ക്കും പ്രാപിക്കാന്‍ സാധിക്കാത്തവിധം ഉന്നതമാണ്. എന്നാല്‍, അല്ലാഹു അത് പ്രാപിക്കാനുള്ള വഴികള്‍ പറഞ്ഞുതന്നു. ഓരോരുത്തരും കഴിയുന്നത്ര ആ ജീവിതമാതൃകയനുസരിച്ച് നടക്കാന്‍ ശ്രമിക്കേണ്ടതാണ്. കാരണം ഇതുകൂടാതെ ഈ ഉമ്മത്തിലുള്ള ആള്‍ കരസ്ഥമാക്കേണ്ട സ്ഥാനത്തേക്ക് എത്തിച്ചേരാന്‍ നിങ്ങള്‍ക്ക് സാധിക്കുകയില്ല. നബി(സ) തിരുമേനിയുടെ ഹിക്മത്തുമായി ബന്ധപ്പെട്ട ഉപദേശങ്ങളും പ്രവൃത്തികളും കഴിഞ്ഞ ഖുത്വ്ബയില്‍ ഞാന്‍ പറഞ്ഞുകഴിഞ്ഞു. ഇന്ന് ഈ പദത്തിനുള്ള, നീതി എന്ന അര്‍ത്ഥമനുസരിച്ച് ആ മഹാത്മാവിന്റെ ജീവിതത്തിലെ ഒന്നുരണ്ട് സംഭവങ്ങള്‍ പറയുന്നതാണ്. പിന്നീട് ഖുര്‍ആന്റെ പാഠങ്ങളും വിവരിക്കുന്നതായിരിക്കും.

നിവേദനങ്ങളില്‍ വന്നിരിക്കുന്നു. ഹുനയ്ന്‍ യുദ്ധത്തിനുശേഷം ഗനീമത്തു മുതല്‍ (യുദ്ധത്തില്‍ കിട്ടിയ മുതല്‍) വിതരണം ചെയ്യാന്‍ തുടങ്ങുമ്പോള്‍, ചില അറേബ്യന്‍ നേതാക്കന്മാര്‍ക്ക് മറ്റുള്ളവരുടെമേല്‍ പരിഗണന നല്കിക്കൊണ്ട് നബി(സ) കൂടുതല്‍ ധനം വിതരണം ചെയ്തു. അപ്പോള്‍, 'നീ നീതിപൂര്‍വ്വം പെരുമാറിയില്ല' എന്നു പറഞ്ഞ് ആരോ ആക്ഷേപം ഉന്നയിച്ചു. അതു കേട്ടപ്പോള്‍ നബി(സ) പറഞ്ഞു: "അല്ലാഹുവിന്റെ റസൂല്‍ നീതിപൂര്‍വ്വം പെരുമാറുന്നില്ലെങ്കില്‍, പിന്നെ നീതി നടപ്പാക്കാന്‍ ആരാണുള്ളത്."

അവര്‍ക്ക് കൂടുതല്‍ നല്കിയത് അവരുടെ ഹൃദയം ഇണക്കുന്നതിനുവേണ്ടിയായിരുന്നു; അറേബ്യയിലെ നേതാക്കന്മാര്‍ ഇസ്‌ലാമിനോടു അടുക്കുന്നതിനുവേണ്ടിയായിരുന്നു. അവര്‍ ഇസ്‌ലാമിനോടു അടുത്തുവരികയും അത് സ്വീകരിക്കുകയും ചെയ്തു. കൂടുതല്‍ ഓഹരി അവര്‍ക്ക് നല്കിയത്, ആരുടെയെങ്കിലുമേല്‍ അതിക്രമം പ്രവര്‍ത്തിച്ചുകൊണ്ടായിരുന്നില്ല. അല്ലാഹു

ഗനീമത്തു മുതലിന്റെ 1/5 ഭാഗം അല്ലാഹുവിനും റസൂലിനുംവേണ്ടി അനുവദിച്ചിട്ടുള്ളതാണ്. വിവിധതരക്കാർക്ക് അത് വിതരണം ചെയ്യാനുള്ള അധികാരവും നബി(സ)ന് കൊടുത്തിട്ടുണ്ട്. ആ മഹാത്മാവ് ഒരിക്കൽ പറഞ്ഞു: "ചിലർക്ക് ഞാൻ അധികം കൊടുക്കുന്നത്, അവരുടെ വിശ്വാസപരമായ ബലഹീനതയും അതിമോഹവും കണക്കിലെടുത്തുകൊണ്ടാണ്. വിശ്വാസത്തിൽ ദൃഢചിത്തരായവർക്ക് ചില സന്ദർഭങ്ങളിൽ ഞാൻ കുറച്ചുകൊടുക്കുന്നു. ദൃഢചിത്തരായ വിശ്വാസികൾ എനിക്ക് കൂടുതൽ പ്രിയപ്പെട്ടവരാണ്. ഞാന വരെ സ്നേഹിക്കുന്നു."

അതിനാൽ, ആർക്കെങ്കിലും നബി(സ) അധികം കൊടുത്തിരുന്നുവെങ്കിൽ അതും അല്ലാഹുവിന്റെ കല്പനയനുസരിച്ചും ഹിക്മത്തനുസരിച്ചുമായിരുന്നു കൊടുത്തിരുന്നത്. നീതി സ്ഥാപിക്കുന്നതിനുള്ള ജീവിതമാതൃകയായിരുന്നു അത്. ഗനീമത്ത് മുതൽ കിട്ടിയവർ തങ്ങളുടെ ഈമാൻ ശക്തിപ്പെടുത്തുന്നതിന് ശ്രമിക്കുകയും ചെയ്തിരുന്നു. ഒരു വൃദ്ധന് പകരം വീട്ടാനുള്ള അനുമതി നല്കിക്കൊണ്ട് നബി(സ) കാഴ്ചവെച്ച ഒരു സംഭവം ചരിത്രത്തിലുണ്ട്. നിവേദനത്തിൽ വന്നിരിക്കുന്നു. നസ്ർ എന്ന അധ്യായം ഇറങ്ങിയതിനുശേഷം നബി(സ) ഒരു പ്രഭാഷണം ചെയ്തു. അതിലെ വചനങ്ങൾ കേട്ടപ്പോൾ നബി(സ)യുടെ വഫാത്ത് അടുത്തിരിക്കുന്നുവെന്ന് സ്വഹാബത്ത് മനസ്സിലാക്കി. നബി(സ) ചെയ്ത ഈ പ്രഭാഷണത്തിനുശേഷം, ആ മഹാത്മാവ് പറഞ്ഞു: അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്ത്, ഞാൻ നിങ്ങളോടെല്ലാവരോടും പറയുന്നു: എന്നോടാരെങ്കിലും അവകാശം വാങ്ങാനും പകരം ചോദിക്കാനുമുണ്ടെങ്കിൽ, ഖിയാമത്തുന്നാളിനു മുമ്പേ, ഇവിടെവച്ച് അത് വാങ്ങാവുന്നതും ചോദിക്കാവുന്നതുമാണ്. അപ്പോൾ അക്കാശ എന്നു പേരുള്ള, വൃദ്ധനായൊരു സ്വഹാബി എഴുന്നേറ്റുനിന്നുകൊണ്ട് പറഞ്ഞു: എന്റെ ഉമ്മയും ബാപ്പയും അങ്ങയ്ക്ക് ബലി!. പകരം ചോദിക്കാനുണ്ടെങ്കിൽ ചോദിച്ചുകൊള്ളുക എന്ന് അങ്ങ് നിരന്തരം പറഞ്ഞുകൊണ്ടേയിരിക്കുന്നു. ഞാനൊരു കാര്യം പറയാനാഗ്രഹിക്കുകയാണ്. ഇന്ന യുദ്ധാവസരത്തിൽ, എന്റെ ഒട്ടകം അങ്ങയുടെ ഒട്ടകത്തിന്റെ അടുത്തെത്തി. ഞാൻ ഇറങ്ങുമ്പോൾ അങ്ങയുടെ വടികൊണ്ടുള്ള അടി എനിക്ക് കൊണ്ടു. അത് അങ്ങ് അറിഞ്ഞുകൊണ്ട് ചെയ്തതാണോ എന്നെനിക്കറിയില്ല. എന്തായാലും അടി എനിക്ക് കൊണ്ടു. അപ്പോൾ, നബി (സ) പറഞ്ഞു: "അല്ലാഹുവിന്റെ പ്രതാപത്തെക്കൊണ്ടു സത്യം, അല്ലാഹുവിന്റെ റസൂൽ അറിഞ്ഞുകൊണ്ട് നിന്നെ അടിക്കുകയില്ല." പിന്നീട് നബി(സ) ഹദ്റത്ത് ബിലാൽ(റ)നോട് ഒരു വടി കൊണ്ടുവരാൻ കല്പിച്ചു. ഫത്വിമായുടെ വീട്ടിൽനിന്ന് അദ്ദേഹം വടി കൊണ്ടുവന്നു. അക്കാശ(റ)യ്ക്ക് ആ വടി കൊടുത്തുകൊണ്ട് തന്നോട് പകരം വീട്ടിക്കൊള്ളാൻ അദ്ദേഹത്തോട് പറയുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് അബൂബക്കറും ഉമറും അലിയുമെല്ലാം എഴുന്നേറ്റുനിന്നു. നബി(സ)യോടു പകരം വീട്ടരുതെന്നും തങ്ങളോടു പകരം ചോദിച്ചുകൊള്ളുക എന്നും അക്കാശയോടു അവർ പറഞ്ഞു. പക്ഷേ, അക്കാശ പറഞ്ഞു: ഇല്ല, എനിക്ക് പകരം വീട്ടേണ്ടത് നബി(സ)യോടാണ്. പിന്നീട് ഹദ്റത്ത് ഹസ്സനും ഹുസയ്നും എഴുന്നേറ്റുനിന്നു. തങ്ങൾ നബി(സ)യുടെ മകളുടെ മക്കളാണെന്നും തങ്ങളോടു പകരം വീട്ടിക്കൊള്ളുക എന്നും അവർ പറഞ്ഞു. അക്കാശ അതും സ്വീകരിക്കാൻ തയ്യാറായില്ല. നബി(സ)യോടുതന്നെ പകരം ചോദിക്കണമെന്ന വാശിയിൽ അദ്ദേഹം ഉറച്ചുനിന്നു. നബി(സ) തിരുമേനി എഴുന്നേറ്റു നിന്നവരോടെല്ലാം ഇരിക്കാൻ പറഞ്ഞു. നിങ്ങൾ ഇരിക്കുക, ഞാൻതന്നെ അതേറ്റുകൊള്ളാം എന്ന് ആ മഹാത്മാവ് അറിയിച്ചു. അപ്പോൾ അക്കാശ പറഞ്ഞു: എനിക്കടികൊണ്ടപ്പോൾ അടികൊണ്ട ഭാഗത്ത് തുണിയൊന്നുമുണ്ടായിരുന്നില്ല. നബി (സ) തിരുമേനി തന്റെ അനുഗൃഹീത ശരീരത്തിൽനിന്ന് വസ്ത്രം നീക്കിക്കൊണ്ട് അടിച്ചുകൊള്ളാൻ അക്കാശയോട് പറഞ്ഞു. സ്വഹാബാക്കൾ ഈ ദൃശ്യം കണ്ടപ്പോൾ അനിയന്ത്രിതമായി കരയാൻ തുടങ്ങി. നബി(സ) തിരുമേനിയോട് ഒന്നും പറയരുതെന്നും തങ്ങളോട് പകരം വീട്ടിക്കൊള്ളുകയെന്നും അവർ പറഞ്ഞതാണ്. എല്ലാവരുടെയും ശ്വാസം നിലച്ചിരുന്നു. അവർക്കൊന്നും ഒന്നും ചെയ്യാൻ സാധിക്കുമായിരുന്നില്ല. പക്ഷേ, അടുത്തനിമിഷംതന്നെ അവർ കണ്ട കാഴ്ച, അതൊരു പ്രേമിയും പ്രേമഭാജനവും തമ്മിലുള്ള അനുരക്തിയുടെ കാഴ്ചയായിരുന്നു. അക്കാശ മുന്നോട്ടാഞ്ഞ് നബി(സ) തിരുമേനിയുടെ അനുഗൃഹീത ശരീരത്തിൽ മുത്തുവാൻ തുടങ്ങി. 'എന്റെ ഉമ്മയും ബാപ്പയും അങ്ങയ്ക്ക് തെണ്ടമാണ്. അങ്ങയോട് പകരം വീട്ടുന്നത് ആർക്കാണ് സഹിക്കുക. അങ്ങ് ഞങ്ങൾക്ക് നീതിയുടെ പുതിയ പുതിയ നിയമങ്ങൾ പഠിപ്പിച്ചുതന്നു. അങ്ങ് എന്തെങ്കിലും അക്രമം ചെയ്യുമെന്നോ അതിക്രമം കാണിക്കുമെന്നോ ഞങ്ങൾക്ക് വിചാരിക്കാനെ പറ്റുകയില്ല. ഇത് അങ്ങയുടെ ശരീരത്തിൽ മുത്തംവയ്ക്കാനുള്ള ഒരവസരമായിട്ട് ഞാൻ കണ്ടു. അത് നഷ്ടപ്പെടുത്താൻ ഞാനാഗ്രഹിച്ചില്ല.' എന്നാൽ, നീതിയുടെ രാജകുമാരന്റെ അതിനുള്ള മറുപടി എത്ര മനോഹരമായിരുന്നുവെന്ന് നോക്കുക. നബി (സ) തിരുമേനി പറഞ്ഞു: "ഒന്നുകിൽ പകരം വീട്ടേണ്ടിവരും. അല്ലെങ്കിൽ മാപ്പാക്കേണ്ടിവരും." അക്കാശ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, അല്ലാഹു ഖിയാമത്തുന്നാളിൽ എനിക്ക് മാപ്പ് നല്കുമെന്ന പ്രതീക്ഷയോടെ ഞാൻ അങ്ങയ്ക്ക് മാപ്പ് നല്കുന്നു." നബി (സ) തിരുമേനി അതുകേട്ടപ്പോൾ അവിടെ കൂടിയിരുന്നവരോട് പറഞ്ഞു: "സ്വർഗ്ഗത്തിൽ എന്റെ സുഹൃത്തിനെ കാണാനാഗ്രഹിക്കുന്നയാൾ വൃദ്ധനായ ഈ അക്കാശയെ

നോക്കിക്കൊള്ളുക.” പിന്നീട്, അക്കാശയ്ക്കെതിരെ ദ്വേഷം പ്രകടിപ്പിച്ച ആ സ്വഹാബിമാരെല്ലാം എഴുന്നേറ്റ് അദ്ദേഹത്തെ മുത്താൻ തുടങ്ങി. അദ്ദേഹത്തിന്റെ ശരീരത്തിൽ ഉരസാൻ തുടങ്ങി.

ഇതായിരുന്നു ആ മഹാനായ ദൈവദൂതന്റെ നീതി. നിസ്സാരനായ ഒരാൾക്കുപോലും തന്നോടു പകരം വീട്ടാൻ അനുവാദം നല്കി. പകരം വീട്ടുന്നില്ലെങ്കിൽ മാപ്പാക്കണമെന്ന് പറഞ്ഞു. ഇവിടെ കൂടിയിരിക്കുന്ന ജനങ്ങളുടെ മുമ്പിൽ, തനിക്ക് മാപ്പ് തന്നിരിക്കുന്നു എന്ന് പ്രഖ്യാപിക്കണം. നീതിയുടെ ഈ മാതൃകയാണ് നബി(സ) സ്ഥാപിച്ചത്. ഇങ്ങനെയാണ് പ്രവർത്തിക്കേണ്ടതെന്ന് തന്റെ സ്വഹാബാക്കളെ ഉപദേശിച്ചുകൊണ്ടുമിരുന്നു. കാരണം നീതി പുലർത്താൻ ശക്തമായിട്ട് വിശുദ്ധഖുർആൻ പറഞ്ഞിരിക്കുന്നു. വേറേയും ഒരുപാട് ഉദാഹരണങ്ങളുണ്ട്.

ഇനി ഞാൻ ഇതു സംബന്ധമായി വന്നിട്ടുള്ള വിശുദ്ധഖുർആനിലെ ഒന്നുരണ്ടു പാഠങ്ങൾ പറയുന്നതാണ്. അല്ലാഹു പറയുന്നു:

***ഇന്നല്ലാഹ യഅ്മുറു ബിൽഅദ്ലി വൽഇഹ്സാനി വ ഈത്താഇദിൽ ഖുർബാ വയൻഹാ അനിൽഫഹ്ശാഇ വൽമുൻകരി വൽബഗ്‌യി യയിളുക്കും ലഅല്ലക്കും തദക്കറൂൻ.***

നീതിപുലർത്തുന്നതിനും നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കളോടെന്നപോലെ സഹായം നല്കുന്നതിനും തീർച്ചയായും അല്ലാഹു കല്പിക്കുന്നു. നീചപ്രവൃത്തിയേയും നിഷിദ്ധ കർമ്മത്തേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു (16:91).

ഈ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചാൽ കുടുംബപരമായ പ്രശ്നങ്ങളും പരിഹരിക്കപ്പെടും, ദേശീയവും അന്തർദേശീയവുമായ പ്രശ്നങ്ങളും പരിഹരിക്കപ്പെടും. അത്രമാത്രം യുക്തിനിർഭരമായ അധ്യാപനമാണിത്. യുക്തിയോടുകൂടി ചെയ്യുന്ന നീതി, നന്മയുടെ നില ഉയർത്തുകയും നീതിയ്ക്കുശേഷം സ്നേഹവും സന്തോഷവും ഉണ്ടാക്കുകയും ചെയ്യുന്നതായിരിക്കും. തിന്മയിൽനിന്ന് രക്ഷപ്പെടാൻ സമൂഹം ശ്രമിക്കുന്നതാണ്. തിന്മയിൽനിന്ന് രക്ഷപ്പെടുന്നതോടെ, നീതിയുടെ പുതിയ പുതിയ നിലകൾ സ്ഥാപിതമാകുന്നതുമായിരിക്കും. കടമകൾ നിർവ്വഹിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാകും. നീതി, പകരം വീട്ടുന്നതുകൊണ്ടുമാത്രം സ്ഥാപിതമാകുകയില്ല. ചില ഘട്ടങ്ങളിൽ നന്മ പ്രവർത്തിക്കുന്നതിലൂടെ നീതി സ്ഥാപിതമാകും. സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും വികാരപ്രകടനങ്ങൾ കൊണ്ടും നീതി നിലനില്ക്കും. അല്ലാഹുവിനോടുള്ള ഭയം കാരണത്താൽ തിന്മകൾ ഉപേക്ഷിക്കുകയും നന്മകൾ കൈക്കൊള്ളുകയും ചെയ്യുമ്പോൾ നീതി നിലനില്ക്കുന്നതാണ്. ആരോടെങ്കിലും പകരം ചോദിക്കുന്നതുകൊണ്ടോ ആർക്കെങ്കിലും ശിക്ഷ നല്കുന്നതുകൊണ്ടോ മാത്രം- അത് ഭൗതികമായ നീതിയാണെന്നത് ശരി പക്ഷേ, അല്ലാഹു പറഞ്ഞിട്ടുള്ള നിയമങ്ങൾ നോക്കുമ്പോൾ അത് നീതിയാകുകയില്ല. അതുകൊണ്ട് ചിലപ്പോൾ സംസ്കരണവും നടക്കുകയില്ല. മറിച്ച്, ശത്രുത വർദ്ധിക്കുന്നതായിരിക്കും. വെറുപ്പും വൈരാഗ്യവും ഉണ്ടാകും. പകയും വിദ്വേഷവും വർദ്ധിക്കും. അതുകൊണ്ട് സന്ദർഭവും സാഹചര്യവുമനുസരിച്ച് വിധിക്കുന്നതാണ് നീതി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“നന്മയ്ക്കു പകരം നന്മ ചെയ്യാനും പ്രത്യുപകാരത്തിൽ കവിഞ്ഞ് നന്മ ചെയ്യുവാനുമുള്ള അവസരത്തിൽ സഹായോപകാരം ചെയ്യുവാനും സഹായോപകാരത്തിൽ കവിഞ്ഞ് ബന്ധുത്വപരമായ അനുകമ്പ കാണിക്കേണ്ട ഘട്ടത്തിൽ സ്നേഹാവേശത്തോടെ സൗജന്യദാനം ചെയ്യുവാനും അല്ലാഹു നിങ്ങളോട് ആജ്ഞാപിക്കുന്നു; നീതിധർമ്മത്തിന്റെ സീമയെ ലംഘിക്കുന്നതിനെയും പരോപകാര വിഷയത്തിൽ ബുദ്ധി നിരാകരിക്കുന്ന അനാശാസ്യമായ നില കൈക്കൊള്ളുന്നതിനെയും (അതായത്, അപാത്രത്തിൽ നന്മ ചെയ്യുന്നതിനു ഉൽസുകതയോ സൽപാത്രത്തിൽ നന്മ ചെയ്യുന്നതിനു ഉപേക്ഷയോ കാണിക്കുന്നതിനെയും) ബന്ധുതാപരമായ അനുകമ്പ കാണിക്കേണ്ട സ്ഥാനത്ത് സ്നേഹാവേശത്തോടുകൂടിയ സൗജന്യോപകാരം ചെയ്യുന്നതിൽ കുറവു വരുത്തുകയോ അതിരുകവിഞ്ഞ ആർദ്രതാശീലം പ്രകടിപ്പിക്കുകയോ ചെയ്യുന്നതിനെയും അവൻ വിരോധിക്കുകയും ചെയ്യുന്നു” (16:91).

(അതായത്, അസ്ഥാനത്ത് ഔദാര്യം കാണിക്കുന്നതും തെറ്റാണ്. സ്ഥാനത്തും ചെയ്യേണ്ട സമയത്തും ഔദാര്യം കാണിക്കാതിരിക്കുന്നതും തെറ്റാണ്. അടുത്ത ബന്ധുക്കളോട് പെരുമാറുന്നതുപോലെ, ഉമ്മ കുട്ടിയോട് പെരുമാറുന്നതുപോലെയുള്ള സ്വഭാവം കാണിക്കേണ്ടതാണ്. ഇതിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് തെറ്റായ സമീപനമായിരിക്കും.) മസീഹ് മൗഊദ്(അ) തുടരുന്നു.

“ഉപര്യുക്ത വിശുദ്ധവാക്യം ഉപകാരധർമ്മത്തിന്റെ ദശാവിശേഷങ്ങളെയാണ് പ്രതിപാദിക്കുന്നത്. ഒന്നാമത്തേത്, നന്മക്കുപകരം നന്മ ചെയ്യുക എന്ന പ്രത്യുപകാരശീലം. ഇത് താഴ്ന്ന പടിയിലുള്ള ഗുണമാണ്. തനിക്കുപകാരം ചെയ്തയാൾക്ക് നന്മ ചെയ്യുക എന്ന പ്രത്യുപകാരശീലം അന്യന്റെ ഉപകാരത്തെ മതിക്കുവാൻ കഴിയുന്ന സാധാരണക്കാരനുപോലും സമ്പാദിക്കുവാൻ സാധിക്കുന്നതാണ്. ഇതിലും കൂടുതൽ പ്രയാസമുള്ള

ഘട്ടമാണ് രണ്ടാമത്തെ നിലയിലുള്ള സഹായോപകാരം. പ്രത്യുപകാര നിലയ്ക്കല്ലാതെ അന്യനു ഉപകാരം ചെയ്യുകയും ഒരു കടപ്പാടും ഇല്ലാതിരിക്കെ മറ്റുള്ളവർക്ക് ഗുണം വരുത്തുകയും ചെയ്യുക എന്ന ശീലം ശ്ലാഘനീയമാണെങ്കിലും മദ്ധ്യനിലയിലുള്ളതാണ്. അധികമാളുകളും സാധുജനത്തിനു സഹോയോപകാരം ചെയ്യുന്നുണ്ടെങ്കിലും ആ സഹായത്തിൽ ഒരു ന്യൂനത മറഞ്ഞു കിടക്കുന്നതായി കാണാം. സഹായം ചെയ്തയാൾ താൻ ഉപകാരം ചെയ്തുവെന്നു ഭാവിക്കുകയോ, അതിനുപകരമായി കുറഞ്ഞപക്ഷം നന്ദിഭാവമോ പ്രാർത്ഥനയോ മറ്റവനിൽ നിന്നു പ്രതീക്ഷിക്കുകയോ, തന്റെ ഉപകാരത്തിനു കടപ്പെട്ട മനുഷ്യൻ എപ്പോഴെങ്കിലും തനിക്കെതിരായി വർത്തിക്കുന്ന പക്ഷം അവനെ ഉപകാര സ്മരണയില്ലാത്തവനെന്നും കൃതഘ്നനെന്നും പേരുവിളിക്കുകയോ ചെയ്യുന്നു. അയാൾ ചിലപ്പോൾ താൻ ചെയ്ത ഉപകാരം ഹേതുവായി കടപ്പെട്ട മനുഷ്യന്റെമേൽ ദുർവ്വഹമായ ഭാരം ചുമത്തുകയും തന്റെ ഉപകാരത്തെക്കുറിച്ചു അവനെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ഈ ന്യൂനതയെ പരിഹരിക്കുന്നതിനായിട്ടാണ് വിശുദ്ധ ഖുർആൻ ഉപകാരകാരികളെ ഇപ്രകാരം ഗുണദോഷിക്കുന്നത്:

لَا تُبْطِلُوا صَدَقَٰتِكُم بِالْمَنِّ وَالْأَذَىٰ

അല്ലയോ ഗുണകാരികളേ! നിഷ്കളങ്കതയെ ആസ്പദിച്ചായിരിക്കേണ്ടുന്ന നിങ്ങളുടെ ദാനധർമ്മങ്ങളെ, നിങ്ങൾ സഹായിച്ചവരെ ഉപകാര ബാദ്ധ്യതകളെക്കുറിച്ച് ഓർമ്മപ്പെടുത്തിയും അവരെ ദ്രോഹിച്ചും നിഷ്ഫലമാക്കരുത്(2:265). ഈ വാക്യത്തിൽ 'ദാന ധർമ്മം' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന **സ്വദഖ** എന്ന മൂലപദം 'നിഷ്കളങ്കത' എന്നർത്ഥമുള്ള **സ്വിദ്ഖ്** എന്ന വാക്കിൽ നിന്നുല്പന്നമായതാണ്. തന്മൂലം നിഷ്ക്കപടവും നിഷ്കളങ്കവുമായ ഹൃദയത്തോടുകൂടി ചെയ്യുന്ന സഹായോപകാരം മാത്രമെ യഥാർത്ഥ ധർമ്മമായിരിക്കുകയുള്ളൂ; അല്ലാത്തതെല്ലാം വെറും അഭിനയമത്രെ. ചുരുക്കത്തിൽ പരോപകാരി ചിലപ്പോൾ തന്റെ ഉപകാരത്തെക്കുറിച്ച് എടുത്ത് പറയുന്നത് വലുതായ ന്യൂനതയായിരിക്കുന്നതിനാലാണ് അതിനെപ്പറ്റി വിശുദ്ധഖുർആൻ പ്രത്യേകിച്ചും ഗുണദോഷിച്ചിരിക്കുന്നത്.

പരോപകാരതയുടെ മൂന്നാമത്തെ നില, ഉപകാരം ചെയ്യുകയാണെന്നുള്ള വിചാരവും കൃതജ്ഞതാപ്രതീക്ഷയും കൂടാതെ അനുകമ്പാവേശത്തോടുകൂടി, ഏറ്റവുമടുത്ത ബന്ധുക്കൾക്കെന്നപോലെ അന്യർക്ക് നന്മ ചെയ്യുകയാകുന്നു. അതായത് മാതാവ് സ്വന്തം മക്കൾക്ക് വാത്സല്യാതിരേകത്താൽ ഫലകാംക്ഷ കൂടാതെ നന്മ ചെയ്യുന്നതുപ്രകാരം അന്യർക്കുപകാരം ചെയ്യുകതന്നെ. ഇത് പരോപകാരതയുടെ പരമമായ നിലയാകുന്നു. ഇതിനപ്പുറം കയറിച്ചെല്ലുവാൻ മനുഷ്യന് സാദ്ധ്യമല്ല. ഇതിനാണ് ഈത്തായിദിൽഖുർബാ (ബന്ധുക്കൾക്കെന്നപോലെ സൗജന്യ സഹായം ചെയ്യുക) എന്നു പേർ ചെയ്തിരിക്കുന്നത്. എന്നാൽ, പരോപകാര ധർമ്മത്തിന്റെ താഴ്ന്നപടിതൊട്ട് പരമമായ ഉയർന്ന പടിവരെയുള്ള സകലശാഖകളും സന്ദർഭൗചിത്യവുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ നന്മകളെല്ലാം അതതുകളുടെ സ്ഥാനൗചിത്യം നോക്കി ചെയ്യാത്തപക്ഷം തിന്മകളായിത്തീരുന്നതാണെന്നു പ്രസ്തുത ഖുർആൻ വാക്യം നല്ലപോലെ വ്യക്തമാക്കിത്തരുന്നുണ്ട്. അതായത് പ്രയോഗപാത്രത്തിന്റെ അനൗചിത്യം നിമിത്തം 'അദ്ല്' അഥവാ 'പ്രത്യുപകാരം' എന്ന ധർമ്മം **ഫഹ്ശാഅ്** അഥവാ 'അസഭ്യത' ആയി പരിണമിക്കുന്നതാണ്. അതേപ്രകാരം 'ഇഹ്സാൻ' അഥവാ 'സഹായോപകാരം' അനുചിതമായ നിലയിൽ ചെയ്യപ്പെടുന്നതായാൽ **മുൻകർ**' അഥവാ 'ഹീനകൃത്യ' മായിത്തീരും. അതായത് മനസ്സാക്ഷി വെറുക്കുന്നതും ബുദ്ധി നിരാകരിക്കുന്നതുമായ നിന്ദ്യകൃത്യമായിത്തീരുന്നതായിരിക്കും. 'ഈത്തായിദിൽഖുർബാ' അഥവാ 'ബന്ധുസ്നേഹം' കൊണ്ടെന്നപോലെ ചെയ്യപ്പെടുന്ന സൗജന്യോപകാരം അസ്ഥാനത്തിലാകുമ്പോൾ അത് 'ബഗ്യ്' അഥവാ 'അതിക്രമം' ആയിത്തീരുന്നതാണ് '**ബഗ്യ്**' എന്ന വാക്കിന്റെ ധാത്വാർത്ഥം വിളവുകളുടെ നാശത്തിനു കാരണമാക്കുന്ന 'അതിവൃഷ്ടി' എന്നാകുന്നു. അതിനാൽ, കർത്തവ്യ നിർവ്വഹണത്തിൽ അമിതത്വമോ ന്യൂനത്വമോ ആയ നില സ്വീകരിക്കുന്നത് 'ബഗ്യ്' (അതിക്രമം) ആയിത്തീരുന്നതാണ്. ചുരുക്കിപ്പറയുന്നതായാൽ, പ്രസ്തുത മൂന്നു നിലകളിലുള്ള നന്മകളും, അസ്ഥാനങ്ങളിലും അപാത്രങ്ങളിലും ചെയ്യപ്പെടുമ്പോൾ ദോഷങ്ങളായി പരിണമിക്കും. അതുകൊണ്ടാണ് ഈ ഗുണകർമ്മങ്ങളോടു സന്ദർഭൗചിത്യത്തെ അവശ്യനിബന്ധനയായി നിശ്ചയിച്ചിരിക്കുന്നത്. ഈ ഔചിത്യ ദീക്ഷ കൂടാതെയുള്ള കേവലമായ പ്രത്യുപകാരമോ സഹായോപകാരമോ ബന്ധുതാപരമായ സൗജന്യോപകാരമോ ധാർമ്മിക ഗുണമായി പരിഗണിക്കപ്പെടാവുന്നതല്ല. എന്തെന്നാൽ, ഈ ഗുണങ്ങളെല്ലാം വിവേകബുദ്ധി പക്വമാകുന്നതിനു മുമ്പേ ശിശുക്കളിൽപോലും സ്വാഭാവികബോധങ്ങളുടെ രൂപത്തിൽ സ്ഥിതി ചെയ്യുന്നവയാണ്. അവ ധാർമ്മിക ഗുണങ്ങളായിത്തീരുന്നതിനു വിവേകബുദ്ധിയുടെ വ്യാപരത്തോടുകൂടി അവ വെളിപ്പെടേണ്ടിയിരിക്കുന്നു. അപ്പോൾ പ്രകൃതിശക്തികളോരോന്നും വിവേചനബുദ്ധിയുടെ പ്രകാശത്തിൽ സ്ഥാനാസ്ഥാന വിചാരത്തോടെ വ്യാപരിക്കപ്പെടുമ്പോഴാണ് സൽഗുണമായി പരിണമിക്കുന്നത്."

ഈ യുക്തിനിർഭരമായ അധ്യാപനമാണ് വിശുദ്ധഖുർആൻ നല്കുന്നത്. അത് സമൂഹത്തിൽ നീതി നിലനിറുത്തുന്നതിന് കൂടുതൽ വഴി കാണിക്കുന്നു. ഒരു കള്ളനെ

ശിക്ഷിക്കാതെ വിട്ടാൽ അത് നീതിയല്ല. പക്ഷേ, വിശപ്പകറ്റാൻ വേണ്ടി ഒരാൾ റൊട്ടി മോഷ്ടിക്കുകയാണെങ്കിൽ, ശിക്ഷ കൊടുക്കുന്നതിനു പകരം അവന് ഭക്ഷണം കഴിക്കാനുള്ള ഏർപ്പാട് ചെയ്യേണ്ടത് നിർബ്ബന്ധമാണ്. ഇതാണ് നീതി; അവന്റെയും അവന്റെ ഭാര്യാമക്കളുടേയും വിശപ്പകറ്റുന്നതിനുവേണ്ടി ഏർപ്പാട് ചെയ്തുകൊടുക്കേണ്ടതാണ്. ഈ നന്മ ചെയ്യുമ്പോൾ നീതി നിലനില്ക്കും. എന്നാൽ, ഈ റൊട്ടി മോഷ്ടിക്കുന്നവൻ പകുതി മോഷ്ടാവാകുകയാണെങ്കിൽ അവന് ശിക്ഷ കൊടുക്കുന്നത് നീതിയാണ്. ഓരോ സാഹചര്യത്തിനും സന്ദർഭത്തിനുമനുസരിച്ചുള്ള കർമ്മമാണ് നീതി.

വിശുദ്ധഖുർആന്റെ അധ്യാപനത്തിന്റെ സംക്ഷിപ്തമാണ് തൗഹീദിന്റെ സംസ്ഥാപനവും സമസൃഷ്ടികളോടുള്ള കടമ നിറവേറ്റലും. ഇതിനുവേണ്ടി മനുഷ്യചിന്താഗതിയിൽ നീതിയുണ്ടാക്കേണ്ടത് നിർബ്ബന്ധമാണ്. ഇക്കാര്യം ഓർമ്മയിൽ നിലനിറുത്തുന്നതിനായി അല്ലാഹു ഒരിടത്ത് പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ
شُهَدَاءَ بِالْقِسْطِ ۖ وَلَا يَجْرِمَنَّكُمْ شَنَآنُ
قَوْمٍ عَلَىٰ أَلَّا تَعْدِلُوا ۚ اعْدِلُوا هُوَ
أَقْرَبُ لِلتَّقْوَىٰ ۖ وَاتَّقُوا اللَّهَ ۚ إِنَّ اللَّهَ
خَبِيرٌ بِمَا تَعْمَلُونَ ۝

അല്ലയോ വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഏതെങ്കിലും ജനതയുടെ ശത്രുത അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക. അത് ഹൃദയഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്. (5:9).

ഇതാണ് നീതിയും ന്യായവും. മനോഹരവും യുക്തിനിർഭരവുമായ അധ്യാപനവും. ഒന്നാമതായി പറഞ്ഞത്, വിശ്വാസിയാണെന്ന് വാദമുണ്ടെങ്കിൽ, മുഅ്മിൻ എന്ന് പറയപ്പെടുന്നെങ്കിൽ മുഅ്മിൻ എപ്പോഴും നീതിക്കുവേണ്ടിയേ നില്ക്കുകയുള്ളൂ. അവന്റെ ജോലി അല്ലാഹുവിന്റെ കല്പനകളുടെ വെളിച്ചത്തിൽ നീതി സ്ഥാപിക്കലാണ്. ഈ ചിന്താഗതിക്കാരനാണെങ്കിൽ മുഅ്മിൻ ആയിരിക്കും. കാരണം ഇതില്ലാത്ത ഈമാൻ ന്യൂനമാണ്. ഈ ചിന്താഗതി ഉണ്ടായാൽ നീതിയും ന്യായവും നിങ്ങളുടെ ഉള്ളിൽനിന്ന് പുറപ്പെട്ടുവരും. ഹൃദയത്തിന്റെ ശബ്ദം അല്ലാഹുവിന്റെ തൃപ്തിയായിത്തീരുകയും, അവന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നതായി മാറുകയും ചെയ്താൽ, പിന്നെ ഒരുതരം ശത്രുതയും നിങ്ങളെ നീതിപാലിക്കുന്നതിൽനിന്ന് തടയുകയില്ല. അതുകൊണ്ട് മുഅ്മിന്റെ പ്രവർത്തി, തഖ്‌വയിൽ പദമൂന്നിക്കൊണ്ട് എപ്പോഴും നീതിയുടെ തേട്ടം പൂർത്തിയാക്കുക എന്നതാണ്. ഈ ആയത്തിൽ അല്ലാഹു പറയുന്നു, നിങ്ങൾ തഖ്‌വയോടുകൂടി പ്രവർത്തിക്കുന്നില്ലെങ്കിൽ അല്ലാഹുവിൽനിന്ന് ഒരു കാര്യവും മറഞ്ഞിരിക്കുന്നില്ല എന്ന് ഓർമ്മിക്കുക. ഈ മഹത്തായ അധ്യാപനം കണ്ടിട്ടും അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ യഥാർത്ഥ മുഅ്മിൻ എന്ന് പറയപ്പെടുകയില്ല. നീതി സ്ഥാപിക്കുന്നതിനുള്ള മനോഹരമായ അധ്യാപനമാണിത്. ഇത് വിശുദ്ധഖുർആന്റെ മാത്രം പ്രത്യേകതയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ***ലാ യജ്‌രിമന്നക്കും ശനആനു ഖൗമിൻ അലാ അല്ലാ തഅ്ദിലൂ ഇഅ്ദിലൂ ഹുവ അഖ്‌റബു ലിത്തഖ്‌വാ*** ശത്രുജനതയുടെ ശത്രുത, നിങ്ങളുടെ നീതിയ്ക്ക് തടസ്സമാകരുത്. നീതിയിൽ നിലകൊള്ളുക. ഹൃദയഭക്തി ഇതിൽ തന്നെയാണുള്ളത്. നിങ്ങൾക്കറിയാം മക്കയിലെ അവിശ്വാസികൾ ചെയ്തതുപോലെ, അന്യായമായി ബുദ്ധിമുട്ടിക്കുകയും ദുഃഖിപ്പിക്കുകയും രക്തമൊഴുക്കുകയും അക്രമം ചെയ്ത് പിന്നാലെ കൂടുകയും കുട്ടികളേയും സ്ത്രീകളേയും കൊല്ലുകയും ചെയ്യുന്ന ജനതയോട് നീതിയോടുകൂടി പെരുമാറുക എന്നത് എത്രമാത്രം പ്രയാസകരമാണ്. എന്നാൽ, വിശുദ്ധഖുർആൻ ആ വർഗ്ഗശത്രുവിന്റെ അവകാശങ്ങളും തടസ്സപ്പെടുത്തിക്കളഞ്ഞില്ല. നീതിയ്ക്കും ന്യായത്തിനും വേണ്ടി വസിയ്യത്ത് ചെയ്തു. ഞാൻ സത്യമായും സത്യമായും പറയുന്നു, ശത്രുക്കളോടു നല്ലരീതിയിൽ പെരുമാറുക എന്നത് എളുപ്പമാണ്. എന്നാൽ, ശത്രുവിന്റെ അവകാശങ്ങളെ സംരക്ഷിക്കുകയും അവരുമായിട്ടുള്ള കേസ്സുകളിൽ നീതിയും ന്യായവും കൈവിടാതിരിക്കുകയും ചെയ്യുക എന്നത് വളരെ ദുഷ്ക്കരമാണ്. അത് ആണത്തമുള്ളവരുടെ മാത്രം പ്രവൃത്തിയാണ്.”

ഇസ്‌ലാം അതിനെ വിശ്വസിക്കുന്നവരിൽ ആണത്തം സൃഷ്ടിക്കുവാൻ ആഗ്രഹിക്കുന്നു. അല്ലാഹു ഒരിടത്ത് പറയുന്നു: നിങ്ങളുടെ സൽപെരുമാറ്റവും നീതിയും ന്യായവും ശത്രുക്കളെക്കൂടി സുഹൃത്തുക്കളാക്കുന്നതാണ്.

ഹിക്മത്തിന്റെ ഒരർത്ഥം അറിവ് സമ്പൂർണ്ണമാക്കുക എന്നതാണ്. അതായത്, വരാൻപോകുന്ന ദൈവദൂതൻ തനിക്കിറക്കപ്പെട്ട പാഠങ്ങൾ കാരണത്താൽ അറിവും പൂർണ്ണമാക്കുന്നതാണ്. വിശുദ്ധഖുർആന്റെ വാദമാണ്, നബി(സ)യോടു പറഞ്ഞു, ***അക്മൽതുലക്കും ദീനക്കും***

***വ അത്മംതു അലയ്ക്കും നിഅ്മത്തീ***. നിങ്ങളുടെ മതവും ഇന്ന് പൂർത്തിയാക്കി. നിങ്ങളിൽ എന്റെ ഔദാര്യവും അനുഗ്രഹവും പൂർത്തിയാക്കി. ഇതിനെക്കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞുകഴിഞ്ഞതാണ്.

ഈ മഹാനായ ദൈവദൂതനിൽ ഈ യുക്തിനിർഭരമായ അധ്യാപനത്തെ അല്ലാഹു സമ്പൂർണ്ണമാക്കിയിരിക്കുന്നു. ഇവിടെ ജ്ഞാനവും അറിവും ഇക്കാലത്ത് പൂർത്തിയാകുന്നതിനെക്കുറിച്ചുള്ള പ്രവചനങ്ങളെ സംബന്ധിച്ച് ഞാൻ പറയുന്നതാണ്. സമ്പൂർണ്ണജ്ഞാനിയായ അല്ലാഹു ആ മഹാനായ ദൈവദൂതനോട് പറഞ്ഞ കാര്യങ്ങൾ ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ ചിലത്, 1400 വർഷത്തിനുശേഷം വരുന്ന മനുഷ്യർ അവിടെ നില്ക്കട്ടെ, അക്കാലത്തുള്ളവർക്കുപോലും മനസ്സിലാക്കാനോ ചിന്തിക്കാനോ കഴിഞ്ഞിരുന്നില്ല. ഉദാഹരണത്തിന് റഹ്മാൻ എന്ന അധ്യായത്തിൽ അല്ലാഹു പറയുന്നു: ***മറജൽബഹ്റയ്നിയൽത്തഖിയാൻ***, അവൻ രണ്ട് സമുദ്രങ്ങളെ തമ്മിൽ കൂട്ടിയോജിപ്പിക്കുന്നതാണ്. അത് ഒഴുകിയൊഴുകി പരസ്പരം കൂടിച്ചേരും. ***ബയ്നഹുമാ ബർസഖുൻല്ലാ യബ്ഗിയാൻ- ഫബിഅയ്യി ആലായി റബ്ബിക്കുമാത്തുകദ്ദിബാൻ- യഖ്റുജു മിൻഹുമല്ലുഅ്ലുഉ വൽമർജാൻ***, ഇപ്പോൾ അതിനിടയിൽ ഒതു തടസ്സമുണ്ട്. അതുകൊണ്ട് അവയ്ക്ക് മറികടന്ന് പരസ്പരം കൂടിച്ചേരാൻ കഴിയുന്നില്ല. അപ്പോൾ, ജിന്നിന്റെയും ഇൻസിന്റെയും സമൂഹമേ നിങ്ങളിരുകൂട്ടരുടേയും നാഥന്റെ അനുഗ്രഹങ്ങളിൽ എന്തിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? അവയിൽ നിന്നും മുത്തും പവിഴവും പുറത്തുവരുന്നു.

ഇതിൽ രണ്ട് സമുദ്രങ്ങൾ തമ്മിൽ കൂട്ടിച്ചേർക്കുന്നതിനെ സംബന്ധിച്ചുള്ള കാര്യമാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ അടയാളം പറഞ്ഞത് അവയിൽനിന്ന് മുത്തും പവിഴവും പുറത്തുവരുന്നുവെന്നാണ്.

സൂയസ്കനാലും പനാമകനാലും ഈ പ്രവചനത്തിന്റെ പുലർച്ചയാണ്. രണ്ട് സമുദ്രങ്ങളെന്നാൽ മധ്യധരണ്യാഴിയും ചെങ്കടലുമാണ്. രണ്ടിനുമിടയിലുള്ള കരയിടുക്കിൽ കൂടി കനാൽ വെട്ടിയുണ്ടാക്കുകവഴി അവ രണ്ടും കൂടിച്ചേർന്നു. ഇതിന് സൂയസ്കനാലെന്ന് പറയുന്നു. അപ്രകാരംതന്നെ പടിഞ്ഞാറെ അർദ്ധഗോളത്തിൽ ശാന്തസമുദ്രവും അറ്റ്ലാന്റിക് സമുദ്രവും പനാമാകനാൽ മുഖേന കൂടിച്ചേർന്നിരിക്കുകയാണ്.

ആർക്കും ഇതിനെക്കുറിച്ച് അറിവില്ലാതിരുന്ന കാലത്താണ് അല്ലാഹു നബി(സ)യെ ഇതറിയിച്ചത്. അറിവ് പോയിട്ട് അക്കാലത്തെ അറബികൾക്ക് ഇങ്ങനെയൊരു കാര്യം ചിന്തനീയംതന്നെയല്ലായിരുന്നു. എവിടെയാണ് ആ സമുദ്രമെന്നോ, എങ്ങനെ യോജിപ്പിക്കുമെന്നോ അവർക്കറിയില്ലായിരുന്നു.

1300 വർഷത്തിനുശേഷം അല്ലാഹു ഈ അത്ഭുതകരമായ ദൃശ്യം കാണിച്ചു. പ്രവചനം എത്ര പ്രൗഢിയോടെയാണ് പുലർന്നത്.

ഇതാണ്, അദൃശ്യമായ കാര്യങ്ങൾ അറിയുന്ന അല്ലാഹുവിന്റെ വൃത്താന്തങ്ങൾ. അത് വിശുദ്ധഖുർആനിലൂടെ നബി(സ)യ്ക്ക് വെളിപ്പെടുത്തിക്കൊടുത്തു.

പ്രപഞ്ചത്തെക്കുറിച്ചും അത് അറിവ് നല്കി. എങ്ങനെയാണ് പ്രപഞ്ചം നിലവിൽ വന്നതെന്ന് പറഞ്ഞു. പറയുന്നു:

أَوَلَمْ يَرَ الَّذِينَ كَفَرُوا أَنَّ السَّمَاوَاتِ وَالْأَرْضَ كَانَتَا رَتْقًا فَفَتَقْنَاهُمَا ۖ وَجَعَلْنَا مِنَ الْمَاءِ كُلَّ شَيْءٍ حَيٍّ ۖ أَفَلَا يُؤْمِنُونَ ﴿٣١﴾

അവിശ്വാസികൾ കാണുന്നില്ലേ, ആകാശങ്ങളും ഭൂമിയും പരസ്പരം ശക്തമായി ഒട്ടിപ്പിടിച്ചതായിരുന്നു. പിന്നീട് നാം അതിനെ പൊട്ടിച്ച് വേർപ്പെടുത്തി. പിന്നീട് ജീവനുള്ള എല്ലാ വസ്തുക്കളും നാം വെള്ളത്തിൽനിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് അവർ വിശ്വസിക്കുന്നില്ലേ? (21:31)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “വിശുദ്ധഖുർആനിൽനിന്ന് മനസ്സിലാകുന്നത്, വർത്തമാനകാലത്തെ ഗവേഷണങ്ങളും ഇക്കാര്യത്തെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതായത്, പ്രപഞ്ചവും അതിന്റെ സൃഷ്ടിപ്പിന്റെ നേരത്ത് ഭാണ്ഡാകാരം പോലെയായിരുന്നു. അല്ലാഹു പറഞ്ഞതുപോലെ (ഞാനോതിയ വചനത്തിൽ) അവിശ്വാസികൾ ആകാശത്തേയും ഭൂമിയേയും കാണുന്നില്ലേ? അത് ഭാണ്ഡാകാരം പോലെയായിരുന്നു. നാം അതിനെ തുറന്നു.”

ഈ അറിവ് 1400 വർഷമായി വിശുദ്ധഖുർആനിൽ സുരക്ഷിതമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അത് വെളിപ്പെട്ടു. ശാസ്ത്രജ്ഞന്മാർ ബിഗ്ബാംഗ് സിദ്ധാന്തം സമർപ്പിച്ചു. ഒരു വൻസ്ഫോടനത്തിനുശേഷമാണ് ഈ പ്രപഞ്ചമെല്ലാം നിലവിൽവന്നത്. ഇത് വിശാലമായ ഒരു വിഷയമാണ്. എന്തായാലും പറഞ്ഞതിന്റെ ഉദ്ദേശ്യം, വിശുദ്ധഖുർആനിൽ ഇതിനെക്കുറിച്ചുള്ള വാർത്ത 1400 വർഷം മുമ്പേ നല്കിയിരുന്നു. അത് ഇക്കാലത്തെ ശാസ്ത്രജ്ഞന്മാർ സ്ഥാപിക്കുന്നു. വെള്ളത്തിൽനിന്നുള്ള മനുഷ്യന്റെ സൃഷ്ടിപ്പ് തുടങ്ങി ഒരുപാട് പ്രവചനങ്ങൾ ഉണ്ട്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: ***വസ്സമാഅ ബനയ്നാഹാ ബിഅയ്ദിൻ വ്വഇന്നാ ലമൂസിഊൻ***. നാം ആകാശത്തെ ഒരു

പ്രത്യേക ശക്തിപ്രഭാവത്താൽ സൃഷ്ടിച്ചു. തീർച്ചയായും നാം അതിനെ വികസിപ്പിക്കുന്നവനാണ് (51:48). നമ്മുടെ ഖുർആനിക തർജമകളിൽ തന്നെ വിവിധ അർത്ഥങ്ങൾ ഇതിന് ലഭിക്കുന്നുണ്ട്. അത് മനുഷ്യന്റെ അറിവിന്നനുസരിച്ച് തർജമ ചെയ്തുപോന്നതാണ്. പിന്നീട് ശാസ്ത്രത്തിന്റെ പുരോഗതിയോടൊപ്പം ഇതിന്റെ അർത്ഥവും പുറത്തുവരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇതിനെ പരിഭാഷപ്പെടുത്തിയത്, ആകാശത്തെ പ്രത്യേക ശക്തികൊണ്ട് സൃഷ്ടിച്ചു എന്നാണ്. അല്ലാഹു അതിനെ വികസിപ്പിക്കുന്നവനാണ്. ഈ വികാസത്തിന്റെ സങ്കല്പവും, അഡ്വന്റ് ഹബൽ എന്നൊരു ശാസ്ത്രജ്ഞനുണ്ടായിരുന്നു. അദ്ദേഹമാണ് ഇതിനെ സംബന്ധിച്ച് ഗവേഷണം നടത്തിയത്. പ്രപഞ്ചം വികസിക്കുന്നതിനെ സംബന്ധിച്ച് ആദ്യമായി പറഞ്ഞത് ഇദ്ദേഹമായിരുന്നു. ആധുനികഗവേഷണത്തിന്റെ ഫലം കുറച്ചുമാസം മുമ്പേ ഒരു മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഇവർ പറയുന്നത്, ഈ വികാസം മുമ്പേയുണ്ടായിരുന്ന സങ്കല്പത്തെക്കാൾ ഒരുപാടിരട്ടി വർദ്ധിച്ചിരിക്കുന്നുവെന്നാണ്. അല്ലെങ്കിൽ വികസിച്ചത് ഇവർ അറിഞ്ഞില്ല. എന്തായാലും വികസിച്ചുകൊണ്ടിരിക്കുന്നുവെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞു. അത് വ്യക്തമായും ഇപ്പോൾ കാണാൻ കഴിയുന്നു.

ആകാശത്തെ നാം പ്രത്യേക ശക്തികൊണ്ട് സൃഷ്ടിച്ചിരിക്കുന്നുവെന്ന് അല്ലാഹു പറഞ്ഞു. പല സവിശേഷ ഗുണങ്ങളാൽ സൃഷ്ടിച്ചുവെന്നും ഇതിനർത്ഥമുണ്ട്. ആകാശഭൂമിയുടെ സൃഷ്ടിപ്പിൽ അല്ലാഹുവിന്റെ പല സവിശേഷ ഗുണങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ആകാശത്തിന്റെ വികാസത്തിലും ഗോളങ്ങളുടെ സഞ്ചാരത്തിലും അല്ലാഹുവിന്റെ പല സവിശേഷഗുണങ്ങളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിനെക്കുറിച്ച് കുറച്ചൊക്കെ മനുഷ്യന് മനസ്സിലാക്കാൻ കഴിയുന്നു. പക്ഷേ, പൂർണ്ണമായ അറിവ് കരസ്ഥമാക്കാൻ കഴിയുകയില്ല. അല്ലാഹു നല്കിയ ബുദ്ധികൊണ്ട് പുതിയതായി എന്തെങ്കിലും കണ്ടുപിടിക്കുമ്പോൾ, ശാസ്ത്രജ്ഞന്മാർ വിഷമിച്ചുപോകുന്നു. കൂടുതൽ ഗവേഷണത്തിന്നായി മുതിരുന്നു. എന്നല്ല, ചിലയാളുകൾ വൻസ്ഫോടനം ഉണ്ടായി എന്നതിനെ അംഗീകരിക്കാത്തവരായിട്ടുമുണ്ട്.

എന്തായാലും, അല്ലാഹു ഖുർആനിൽ പറഞ്ഞു, ശാസ്ത്രജ്ഞന്മാർ അത് തെളിയിച്ചുകാണിക്കുന്നു. ആകാശവും ഭൂമിയും എങ്ങനെയുണ്ടായിയെന്നും അതിന്റെ വികാസം എങ്ങനെ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നുമൊക്കെ അവർ സ്ഥാപിച്ചുകാണിക്കുകയാണ്.

പ്രപഞ്ചത്തിന്റെ ഈ സങ്കല്പം, നൂറുവർഷം മുമ്പേയുള്ള മനുഷ്യർക്കില്ലായിരുന്നു. അതാണ് ഈ ഗ്രന്ഥത്തിന്റെ മനോഹാരിത. ഓരോ ആധുനിക കണ്ടുപിടിത്തത്തേയും സംബന്ധിച്ചുള്ള സങ്കല്പം ആദ്യം മുതലേ അല്ലാഹുവിന്റെ ഈ അവസാനത്തെ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. എന്നല്ല അതിന് വിശദീകരണമുണ്ട്. അപ്പോൾ മനുഷ്യനിർമ്മിതമായ ഗ്രന്ഥങ്ങൾക്ക് അതിനെ എങ്ങനെ നേരിടാൻ കഴിയും. ഇതുപോലൊരു ഗ്രന്ഥം കൊണ്ടുവരാൻ നിങ്ങൾക്ക് സാധിക്കുകയില്ലെന്നും, ഒരായത്തുപോലും ഉണ്ടാക്കാൻ കഴിയുകയില്ലെന്നും ഉള്ളത് അല്ലാഹുവിന്റെ ചാലഞ്ചാണ്.

ആ മഹാനായ റസൂലിന് ഇറങ്ങിയ മഹത്തായ ഗ്രന്ഥമാണിത്. അത് ഖിയാമത്തുന്നാൾവരേക്കുമുള്ളതാണ്.

മുസ്‌ലിം ശാസ്ത്രജ്ഞന്മാർ എന്നല്ല അഹ്മദി ശാസ്ത്രജ്ഞന്മാർ എന്തെങ്കിലും കാര്യം തെളിയിക്കപ്പെട്ടതിനുശേഷം അത് ഖുർആനിലുണ്ടെന്ന് വാദിക്കുകയല്ല ചെയ്യുന്നത്, മറിച്ച്, അവരുടെ ഗവേഷണത്തിന്റെ അടിത്തറതന്നെ അല്ലാഹുവിന്റെ ഗ്രന്ഥമാണ്. ഞാൻ പറഞ്ഞതുപോലെ ഡാക്ടർ അബ്ദുസ്സലാം സാഹിബും തന്റെ ഗവേഷണത്തിന് ഖുർആനെയാണ് അടിത്തറയാക്കിയിരുന്നത്. ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം, വിശുദ്ധഖുർആൻ പവിഴവും മുത്തും നിക്ഷേപിച്ചിട്ടുള്ള ഗ്രന്ഥമാകുന്നുവെന്നാണ്. അത് ലോകാവസാനംവരെ പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ, ഗവേഷകർക്ക് വെളിപ്പെടുത്തിക്കൊടുത്തുകൊണ്ടിരിക്കും.

ഇത് യുക്തിനിർഭരമായ ഗ്രന്ഥമാണ്. മറ്റു ന്യായപ്രമാണങ്ങളൊന്നും ഇതിന് കിടപിടിക്കുകയില്ല.

ഇതിൽ ശറഇയായ കല്പനകളുടെ യുക്തിയും വിവരിച്ചിരിക്കുന്നു. ഉദാഹരണത്തിന് നമസ്കരിക്കാൻ പറഞ്ഞു. നമസ്കാരത്തിൽനിന്ന് എന്തെന്തെല്ലാം ഫലമാണ് നിങ്ങൾക്കുണ്ടാകുന്നതെന്നും അറിയിച്ചു. അത് പറയുന്നു:

أُتْلُ مَآ أُوْحِيَ إِلَيْكَ مِنَ الْكِتٰبِ وَأَقِمِ
الصَّلٰوةَ ۗ إِنَّ الصَّلٰوةَ تَنْهٰى عَنِ الْفَحْشَآءِ
وَالْمُنْكَرِ ۗ وَلَذِكْرُ اللّٰهِ أَكْبَرُ ۗ وَاللّٰهُ
يَعْلَمُ مَا تَصْنَعُوْنَ ﴿٤٦﴾

“ഈ ഗ്രന്ഥത്തിൽനിന്ന് നിനക്ക് ദിവ്യസന്ദേശം മുഖേന നല്കപ്പെട്ടത് നീ ഓതുക. നമസ്കാരം നിലനിറുത്തുകയും ചെയ്യുക. നീചകൃത്യങ്ങളേയും നിഷിദ്ധകർമ്മങ്ങളേയും നിശ്ചയമായും നമസ്കാരം തടയുന്നതാണ്. തീർച്ചയായും അല്ലാഹുവിന്റെ സ്മരണ അതിമഹത്തരമാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു അറിയുന്നുണ്ട്” (29:46).

ഈ കല്പന നബിതിരുമേനിക്ക് വേണ്ടിയുള്ളതായിരുന്നില്ല. മറിച്ച്, അത് ഉമ്മത്തിനുവേണ്ടിയായിരുന്നു. അതായത്, നബി(സ)യെ വിശ്വസിച്ചവർക്കുവേണ്ടിയായിരുന്നു. കാരണം ആ മഹാത്മാവ് ആദ്യമേതന്നെ ആ നില കരസ്ഥമാക്കിക്കഴിഞ്ഞയാളായിരുന്നു. നബി(സ)യെക്കൊണ്ട് അല്ലാഹുതന്നെയാണ് ഇങ്ങനെ വിളംബരം ചെയ്യിച്ചത്: "എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവുമെല്ലാം അല്ലാഹുവിനുവേണ്ടിയാണ്. ഇതിൽനിന്ന് നബി(സ) ആ സ്ഥാനം കരസ്ഥമാക്കിയിരുന്നുവെന്ന് വ്യക്തമാണ്.

അതുകൊണ്ടുതന്നെ ഈ പാഠം സത്യവിശ്വാസികൾക്ക് അല്ലാഹു നല്കിയിട്ടുള്ളതാണ്. അല്ലാഹുവുമായിട്ട് ബന്ധം സ്ഥാപിക്കുന്നതിനുള്ള വഴി സത്യവിശ്വാസികൾക്ക് പറഞ്ഞുകൊടുക്കുന്നതിനുവേണ്ടിയായിരുന്നു അത്. നബി(സ)യോട് പറഞ്ഞു, ഈ യുക്തനിർഭരമായ പാഠം സത്യവിശ്വാസികൾക്ക് പറഞ്ഞുകൊടുക്കുക. ലോകത്തുള്ള എല്ലാ കുഴപ്പങ്ങളും അകറ്റുന്നതിന് അല്ലാഹുവുമായിട്ട് ബന്ധം സ്ഥാപിക്കേണ്ടത് നിർബ്ബന്ധമാണ്. അവനുമായിട്ട് ബന്ധം സ്ഥാപിക്കാൻ ആരാധനകൾ ആവശ്യമുണ്ട്. ആരാധനകളുടെ നിലകൾ കൈവരിക്കാൻ കഴിയുന്നത് സ്വന്തം നമസ്കാരങ്ങളെ അതിന്റേതായ നിലയിൽ കാത്തുസൂക്ഷിക്കുമ്പോഴാണ്. നമസ്കാരത്തെ കാത്തുസൂക്ഷിക്കുകയാണെങ്കിൽ അത് എല്ലാവിധ തിന്മകളിൽനിന്നും നിങ്ങളെ തടയും. നിങ്ങളുടെ നമസ്കാരത്തെ അത് സംരക്ഷിക്കുകയും ചെയ്യും. എന്നല്ല, നിങ്ങളുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും നിങ്ങൾക്ക് കരഗതമാകുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നമസ്കാരവും പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള വലിയൊരു ആയുധമാണ്. നമസ്കാരം മനുഷ്യനെ പാപകർമ്മങ്ങളിൽനിന്നും ദുഷ്പ്രവർത്തികളിൽനിന്നും തടയുന്നു. അതുകൊണ്ട് നിങ്ങൾ അത്തരത്തിലുള്ള നമസ്കാരം അന്വേഷിച്ചു കണ്ടെത്തുക. (ഈ വാക്യത്തിൽ ചിന്തിക്കുക) നിങ്ങളുടെ നമസ്കാരത്തെ അങ്ങനെയാക്കിത്തീർക്കാൻ നിങ്ങൾ ശ്രമിക്കുക. നമസ്കാരം അനുഗ്രഹങ്ങളുടെ ജീവനാണ്. ദൈവികാനുഗ്രഹം ഈ നമസ്കാരം മുഖേന മാത്രമാണ് ലഭിക്കുന്നത്. ദൈവാനുഗ്രഹത്തിന്റെ അവകാശികളായിത്തീരാൻ അത് ഭംഗിയായ നിലയിൽ അനുഷ്ഠിക്കുക."

'അത്തരം നമസ്കാരം അന്വേഷിക്കുക' എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം നന്മകൾ നല്ലവണ്ണം ഹൃദയത്തിൽ ഇറങ്ങിച്ചെല്ലുന്നില്ലെങ്കിൽ അതിന്റെ നിർവ്വഹണത്തിൽ എന്തെങ്കിലും കുറവുണ്ടോ എന്ന് അന്വേഷിച്ചുകൊണ്ടിരിക്കുക എന്നാണ്. അല്ലാഹുവിന്റെ തൃപ്തി യഥാർത്ഥ ഉദ്ദേശ്യമായി വരാത്തിടത്തോളം അതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടേയിരിക്കുക. അത് കിട്ടുന്നതുവരെ നമസ്കാരത്തിൽ എന്തെങ്കിലും കുറവുണ്ടോയെന്നും പരിശോധിച്ചുകൊണ്ടിരിക്കണം. ഈ ചിന്താഗതിയോടെ നാം ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളായിത്തീരും.

കളവ് പറയരുതെന്നതാണ് വിശുദ്ധഖുർആന്റെ മറ്റൊരു കല്പന. അല്ലാഹു പറയുന്നു: ***ഫജ്തനിബുർറിജ്സ മിനൽ ഔഥാനി വജ്തനിബൂ ഖൗലസ്സൂരി*** ബിംബാരാധനയേയും വ്യാജോക്തിയേയും വർജ്ജിക്കുവിൻ (22:31). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ബഹുദൈവാരാധനയോടൊപ്പം കളവിനെ കൂട്ടിച്ചേർത്ത് പറഞ്ഞിരിക്കുകയാണിവിടെ. വിഡ്ഢിയായ മനുഷ്യൻ അല്ലാഹുവിനെ ഉപേക്ഷിച്ച് കല്ലിന്റെ മുമ്പിൽപോയി തല കുനിക്കുന്നതുപോലെ സത്യസന്ധതയേയും നേർമാർഗ്ഗത്തേയും ഉപേക്ഷിച്ച് തന്റെ കാര്യം നേടാൻ കളവിനെ ബിംബമാക്കി വെക്കുകയാണ് ചെയ്യുന്നത്. ഇക്കാരണത്താലാണ് ഇതിനെ ബഹുദൈവാരാധനയുമായി ചേർത്ത് പറഞ്ഞിട്ടുള്ളത്. ബിംബാരാധകർ ബിംബങ്ങളിലൂടെ മോക്ഷമാഗ്രഹിക്കുന്നു. കളവ് പറയുന്നവനും തന്റേതായ ബിംബം ഉണ്ടാക്കിവക്കുകയാണ് ചെയ്യുന്നത്. ആ ബിംബത്തിലൂടെ തനിക്ക് മോചനം കിട്ടുമെന്ന് അവൻ മനസ്സിലാക്കുന്നു. എത്ര മാത്രം മോശമായ ഏർപ്പാടാണിത്. എന്തിനാണ് ബിംബാരാധകൻ ആകുന്നതെന്ന് ചോദിക്കുകയും ആ മാലിന്യത്തെ ഉപേക്ഷിക്കുക എന്ന് പറയുകയും ചെയ്താൽ എന്തിനത് ഉപേക്ഷിക്കണമെന്ന് തിരിച്ചു ചോദിക്കാൻ തുടങ്ങുന്നു. അത് കൂടാതെ ജീവിക്കാൻ പറ്റില്ലെന്ന് ശഠിച്ചുപറയുന്നു. ഇതിനേക്കാൾ വലിയ നിർഭാഗ്യത മറ്റെന്താകാനാണ്? അതായത്, തന്റെ മോചനം കളവിലാണെന്ന് അയാൾ ദൃഢമായും മനസ്സിലാക്കുന്നു. എന്നാൽ ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു, അവസാനം വിജയിക്കുന്നത് സത്യം തന്നെയായിരിക്കും. നേട്ടവും വിജയവും ഉണ്ടാകുന്നത് അതിനുതന്നെയായിരിക്കും. നല്ലവണ്ണം ഓർമ്മിച്ചുകൊള്ളുക, കളവുപോലെ വൃത്തികെട്ട മറ്റൊരു കാര്യവുമില്ല. പൊതുവെ പറയപ്പെടുന്നത് സത്യം പറയുന്നവൻ പിടിക്കപ്പെടുമെന്നാണ്. എന്നാൽ, ഞാൻ എങ്ങനെ അത് സമ്മതിക്കാനാണ്. എനിക്കെതിരിൽ ഏഴ് കേസുകളുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരിക്കലും കളവെഴുതേണ്ടതായി എനിക്ക് വന്നിട്ടില്ല. ഏതെങ്കിലും ഒന്നിൽ ഞാൻ പരാജയപ്പെട്ടതായി ആർക്കെങ്കിലും പറയാൻ കഴിയുമോ? അല്ലാഹുതന്നെയാണ് സത്യത്തെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നത്. അപ്പോൾ സന്മാർഗ്ഗിയെ അവൻ ശിക്ഷിക്കുമോ? അങ്ങനെയാണെങ്കിൽ ലോകത്താരുംതന്നെ സത്യം പറയാൻ തന്റേടം കാണിക്കുകയില്ല. അല്ലാഹുവിലുള്ള ശരിയായ വിശ്വാസവും ഇല്ലാതായിപ്പോകും. സന്മാർഗ്ഗി ജീവനോടെതന്നെ മരിച്ചുപോ

കും. യാഥാർത്ഥ്യം എന്താണെന്നുവെച്ചാൽ, സത്യം പറയുന്നതുകൊണ്ട് ആരെങ്കിലും ശിക്ഷിക്കപ്പെടുന്നുവെങ്കിൽ (വളരെ ശ്രദ്ധിച്ചുകേൾക്കേണ്ട കാര്യമാണിത്) അത് സത്യം പറഞ്ഞതുകൊണ്ടല്ല. ആ ശിക്ഷ അയാൾക്ക് ലഭിക്കുന്നത് അയാളിൽ മറഞ്ഞുകിടക്കുന്ന മറ്റെന്തെങ്കിലും ദുഷ്കർമ്മം കൊണ്ടായിരിക്കും. (അതായത് മുമ്പേ ചെയ്ത എന്തെങ്കിലും തിന്മ കൊണ്ടായിരിക്കും ആ ശിക്ഷ അയാൾക്ക് കിട്ടുന്നത്) മറ്റേതോ കളവിനുള്ള ശിക്ഷയായിരിക്കും അപ്പോൾ ലഭിക്കുന്നത്. അല്ലാഹുവിന്റെ പക്കൽ അയാളുടെ തിന്മയുടേയും ദോഷത്തിന്റേയും ലിസ്റ്റ് ഉണ്ടെന്നുള്ള കാര്യം ഓർത്തുകൊള്ളുക. അവന്റെ ഒരുപാട് തെറ്റുകൾ അതിൽ രേഖപ്പെടുത്തിയിട്ടുണ്ടാകും. അങ്ങനെ അതിലേതെങ്കിലും ഒന്നിലാണ് അവൻ ശിക്ഷിക്കപ്പെടുന്നത്."

ഇതിൽനിന്നെല്ലാം രക്ഷപ്പെടാൻ വേണ്ടി അല്ലാഹുവിനോട് പാപപ്പൊറുതി തേടേണ്ടത് വളരെ അത്യാവശ്യമാണ്.

ഹിക്മത്തിന് ബുദ്ധിയെന്നും അർത്ഥമുണ്ട്. മഹാനായ ഈ റസൂലിന് മേൽ ഇറങ്ങിയ ഗ്രന്ഥത്തിൽ യുക്തിനിർഭരമായ കല്പനകളാണുള്ളത്. അതിനെല്ലാം തെളിവുകളും ഇറക്കിയിട്ടുണ്ട്. ഓരോ സന്ദർഭവും സാഹചര്യവും അനുസരിച്ചാണ് വിധി കല്പിക്കേണ്ടത്. ഇതിനുള്ള ഉദാഹരണങ്ങൾ ഞാൻ പറഞ്ഞുകഴിഞ്ഞു. കുറ്റവാളിയാണെങ്കിൽ ശിക്ഷ കൊടുക്കുക. എന്നാൽ ചെറിയ കാര്യങ്ങളുടെമേൽ കോപാകുലനായിക്കൊണ്ട് ശിക്ഷ നല്കരുത്. മാപ്പു കൊടുത്താൽ നന്നാകുമെങ്കിൽ മാപ്പ് കൊടുക്കുന്നതാണ് യുക്തി. ഇനി അരക്കള്ളന് മാപ്പുകൊടുത്താൽ അവൻ മുഴുക്കള്ളനായി മാറുമെങ്കിൽ അവനെ ശിക്ഷിക്കുകയും വേണം. ഇപ്രകാരം തന്നെ കൊലപാതകിക്ക് മാപ്പുകൊടുത്താൽ വീണ്ടും കൊലപാതകം നടക്കും. അത്തരം ഘട്ടങ്ങളിൽ അവരെ ശിക്ഷിക്കേണ്ടത് നിർബ്ബന്ധമായിത്തീരുന്നു.

ഖുർആനിലെ ഏത് കല്പനയെടുത്തുനോക്കിയാലും അതിൽ ഹിക്മത്ത് കാണാം. ഈ കല്പനകൾക്കെല്ലാം സുദീർഘമായ വിശദീകരണമാണുള്ളത്. അവയെല്ലാം മുന്നിൽവെച്ചുകൊണ്ട് സത്യവിശ്വാസി അതിലെ ഹിക്മത്തിൽ ചിന്തിച്ചാൽ ഓരോരുത്തരുടേയും ബുദ്ധി വികസിക്കുന്നതോടൊപ്പം സമൂഹത്തിലും അറിവും ജ്ഞാനവും പരക്കുന്നതുകൊണ്ട് സ്നേഹവും സന്തോഷവും നടപ്പിൽ വരികയും ചെയ്യും. ബുദ്ധി കൂടുതൽ തെളിമയാർന്നതായിത്തീരും. അതുകൊണ്ട് ഒരു മുഅ്മിൻ അതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. വിശുദ്ധഖുർആനിൽനിന്ന് മുത്തും പവിഴവും അന്വേഷിച്ചുകണ്ടെത്തേണ്ടതാണ്. ഇതുതന്നെയാണ് അല്ലാഹുവിന്റെ കല്പനയും. ***വദ്കുർന മാ യുത്‌ലാ ഫീ ബുയൂത്തിക്കുന്നമിൻ ആയാത്തില്ലാഹി വൽഹിക്മത്തി ഇന്നല്ലാഹ കാന ലത്വീഫൻ ഖബീറാ.*** നിങ്ങളുടെ വീടുകളിൽ വായിക്കപ്പെടുന്ന അല്ലാഹുവിന്റെ വചനങ്ങളേയും ജ്ഞാനത്തേയും നിങ്ങൾ ഓർമ്മവയ്ക്കുവിൻ. അല്ലാഹു വളരെ കനിവുള്ളവനും സൂക്ഷ്മജ്ഞനുമാണ് (33:35).

ഖുർആനിലെ കല്പനകൾ ഓർമ്മവയ്ക്കാനാണ് നമ്മളോട് കല്പിച്ചിട്ടുള്ളത്. ഈ വചനങ്ങളുടേയും ജ്ഞാനത്തിന്റേയും കാര്യങ്ങൾ വിശുദ്ധഖുർആനിൽ എത്രത്തോളം വിവരിച്ചിട്ടുണ്ടോ അത് നാം ഓതുകയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്യുന്നു. ഓതുന്നതിന് എന്തായാലും പ്രതിഫലമുണ്ട്. പക്ഷേ, ഈ ഗ്രന്ഥത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം പൂർത്തിയാകുന്നതും നമ്മുടെ പാരായണത്തിന് ഫലമുണ്ടാകുന്നതും നാം അതിന്റെ കല്പനകൾക്ക് വിധേയരായി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ്. ഇപ്രകാരം നബി(സ)യുടെ ജീവിതമാതൃകയും നമ്മുടെ മുമ്പിൽ എപ്പോഴും ഉണ്ടായിരിക്കും. ഈ വചനങ്ങളുടേയും ജ്ഞാനത്തിന്റേയും മുത്തുകൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റാൻ നാം ശ്രമിക്കുന്നതുമാണ്. താൻ സൂക്ഷ്മദൃക്കും എല്ലാമറിയുന്നവനുമാണെന്ന് പറഞ്ഞുകൊണ്ട് നമ്മുടെ ആന്തരികവും ബാഹ്യവുമായ എല്ലാ കാര്യങ്ങളും താൻ അറിയുന്നുവെന്ന് അല്ലാഹു നമ്മെ അറിയിച്ചിരിക്കുന്നു. അവനെ ഒരിക്കലും വഞ്ചിക്കാൻ സാധ്യമല്ല. ചെറുതിൽ ചെറുതായ നന്മപോലും അവനറിയുന്നു; അതുപോലെതന്നെ തിന്മയും.

അതുകൊണ്ട് ആ മഹാനായ പ്രവാചകന്റെ മഹത്തായ അധ്യാപനത്തെ നാം നമ്മളിൽ നടപ്പിൽവരുത്തി ജീവിക്കാൻ ശ്രമിക്കാത്തിടത്തോളം യഥാർത്ഥ മുഅ്മിൻ എന്നു പറയുന്നവരാകുകയില്ല. ഈ യുക്തിനിർഭരമായ അധ്യാപനം മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.


| | |
|---|---|
| Khuthba<br>Hadhrat Mirza Masroor Ahmad<br>Khalifathul Masih V<br>on 18.1.2008 at Baithul Futuh, London. | *Translated by: Muhammad Ismail, Alleppey*<br>Mob: 94466 56123 Resi.: 0497 3294865<br>Page Layout & Typeset: BRB, Kannur<br>Published by:  Majlis Khuddamul Ahmadiyya, Kerala |